# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2587 18.06.2014-ലെ മറുപടിക്ക്

### പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.എ.പി.അനിൽ കുമാർ<br>(ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാൻ കഴിയുമെന്നാണ് ഉറപ്പ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുക യാണെങ്കിൽ 2014-15-ൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) പ്രസ്തുത മെഡിക്കൽ കോളേജ് നിർമ്മാണം ഏതു ഘട്ടം വരെ പൂർത്തിയായിട്ടുണ്ടെന്നും 31.03.2014 വരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം ഏകദേശം പൂർത്തിയായിട്ടുണ്ട്. 31.03.2014 വരെ 4,98,31,170 രൂപ കെട്ടിട നിർമ്മാണ പ്രവർത്തനത്തിനും മറ്റ് ചെലവുകൾക്കുമായി വിനിയോ ഗിച്ചിട്ടുണ്ട്. |
| (സി) എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | 2014 -ജൂലൈ മാസം 15-ാം തീയതിയോടുകൂടി ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | |
|---|---|
| (ഡി) പ്രസ്തുത മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ; | (ഡി) മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. 2014 മെയ് 23,24 തീയതികളിൽ മെഡിക്കൽ കൗൺസിൽ നിയോഗിച്ച ടീം മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) എന്നത്തേയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ? | മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമായാൽ 2014-15-ൽ തന്നെ ക്ലാസുകൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ